# LMS LPS
# ARAYOOR

# Academic Master Plan

## 2025-26

# PROFILE

| | |
|---|---|
| Name of School | : LMS LPS Arayoor |
| Date of establishment | : 1886 |
| Name of village | : chenkal |
| Name of Panchayath | : chenkal |
| Name of Block | : Parassala |
| Name of BRC | : Neyyattinkara |
| Name of District | : Trivandrum |
| Name of sub-District | : Neyyattinkara |
| Name of HM | : Shirly |
| Senior Assistant | : Shalinkumar. C |
| E-mail ID | : lms44420lpsarayoor@gmail.com |
| School code No. | : 44420 |

# ആമുഖം

സാമൂഹികപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിന്നിരുന്ന തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമത്തിൽ 1886 കാലഘട്ടത്തിൽ മിഷണറിമാരാൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. 1 മുതൽ 4 വരെ ക്ലാസ്സുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. വാണിയൻകാല, കാഞ്ഞാംവിള, കുഴിഞ്ഞാൻവിള, അയിര, ഊറ്റംകുളം, പൊൻവിള, മഞ്ചവിള, പൊറ്റ എന്നിവിടങ്ങളിലെ സാധാരണ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ആശ്രയം ഈ വിദ്യാലയമാണ്.

ചെങ്കൽ പഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 1, 2, 3, 4 ക്ലാസ്സുകളിലായി ഇപ്പോൾ 72 കുട്ടികൾ പഠിക്കുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകർ ജീവനക്കാരായി ഉണ്ട്. കലാ-കായിക പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പാക്കും.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* ദിനാചരണങ്ങൾ കൃത്യതയോടുകൂടി നടപ്പിലാക്കുന്നതിന് വ്യത്യസ്ത പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.

# അധ്യാപകരും

# വിവരങ്ങളും

| അധ്യാപകന്റെ പേര് | ക്ലാസ് ചുമതല | കബ്ബ് ചുമതല |
|---|---|---|
| 1. Sherly (HM) | I | English |
| 2. Kavya | II | Maths |
| 3. Shalin kumar | IV | വിദ്യാരംഗം, Science, |
| 4. Hima. D. Raj | III | Health |
| ☆ | ☆ | ☆ |

# നിലവിലുള്ള സാഹചര്യങ്ങൾ

| Sl. No. | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ്മുറി | 6 | — |
| 2. | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | — |
| 3. | പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | — |
| 4. | കിണർ | 1 | — |
| 5. | ലൈബ്രറി | — | 1 |
| 6. | ചുറ്റുമതിൽ | 4 | — |
| 7. | കളിസ്ഥലം | — | 1 |
| 8. | അടുക്കള | 1 | — |
| 9. | കമ്പ്യൂട്ടർ ലാബ് | 1 | — |
| 10. | സ്കൂൾ ബസ് | — | 1 |
| 11. | സ്റ്റേജ് | — | 1 |
| 12. | കമ്പ്യൂട്ടർ | 1 | — |
| 13. | ലാപ്ടോപ്പ് | 3 | — |
| 14. | സൗണ്ട് സിസ്റ്റം | 1 | 1 |
| 15 | പ്രൊജക്ടർ | 2 | 1 |

# മറ്റ് ICT സാധ്യതകൾ

| സംവിധാനം | ഉണ്ട്/ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഉണ്ട് |
| DVD Player | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| ബ്ലോഗ് | ഇല്ല |
| E-mail ID | ഉണ്ട് |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല |

# മറ്റ് ICT സാധ്യതകൾ

| സംവിധാനം | ഉണ്ട്/ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഉണ്ട് |
| DVD Player | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| ബ്ലോഗ് | ഇല്ല |
| E-mail ID | ഉണ്ട് |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം:

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. ഭിന്നനിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
3. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
4. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
5. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
6. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.
7. കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം:

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
3. സ്കൂൾ കെട്ടിടം ശരിയായ കെട്ടുറപ്പില്ല.

4. കലാ-കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ദരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

5. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം:

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.

3. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

4. കലാ-കായിക, പ്രവൃത്തി-പരിചയ-സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനോ സഹായിക്കുന്നതിനോ സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# ദിനാചരണങ്ങൾ

June 5 - ലോകപരിസ്ഥിതിദിനം
June 19 - വായനാദിനം
June 26 - ലഹരിവിരുദ്ധ ദിനം
July 5 - ബഷീർദിനം
July 11 - ലോകജനസംഖ്യാദിനം
July 21 - ചാന്ദ്രദിനം
August 15 - സ്വാതന്ത്ര്യദിനം
October 2 - ഗാന്ധിജയന്തി
November 14 - ശിശുദിനം
December 25 - ക്രിസ്തുമസ്
January 26 - റിപ്പബ്ലിക് ദിനം
February 20 - മാതൃഭാഷാദിനം

# ദിനാചരണപ്രവർത്തനങ്ങൾ

* ക്വിസ്
* പതിപ്പ്
* വൃക്ഷത്തൈ നടീൽ
* ICT പ്രദർശനം
* വായനാവാരം
* വായനാക്കുറിപ്പ്
* അമ്മവായന
* വൃക്ഷമരം
* പോസ്റ്റർ
* റോക്കറ്റ് നിർമ്മാണം
* റാലി
* പ്രതിജ്ഞ
* കുട്ടികളുടെ ചങ്ങല
* നോവൽ - അവതരണം

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം — മലയാളം

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ വിലയിരുത്തൽ | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി വിലയിരുത്തുന്നു.<br>• 1, 2 ക്ലാസുകളിൽ അടിസ്ഥാനശേഷി സാധ്യത കുറച്ചുകൂടി ദിവസങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. | 2023 | 250 |
| വ്യത്യസ്ത വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നതിന്. | • വ്യത്യസ്ത വ്യവഹാരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല. (ഇവ പാഠഭാഗങ്ങൾക്ക് അനുയോജ്യമായവ ആയിരിക്കും.) | 2023 ജൂൺ മുതൽ മാർച്ച് വരെ | 1500 |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്നവ സർഗാത്മകതയിൽ ചെയ്ത് അതിനെ ചേർത്തുവച്ച് സ്കൂൾ ചുമരുകളിൽ പ്രദർശിപ്പിക്കുന്നു. | 2023-24 | 1000 |
| ഭാഷാപരമായ അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ | • ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. പഠനക്ലാസുകളിൽ | 2023 ആദ്യപാദം | 1000 |

| | | | |
|---|---|---|---|
| | ഈ വർക്ക്ഷീറ്റ് ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഒരു സമയത്തും വന്ന് വായിക്കാനും സംവദിക്കാനും പറ്റുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്നു. | | |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ചിത്രവായന, പാവനാടകം, റോൾപ്ലേ, മെനി പാറ്റിൽ, ലഘു നാടകങ്ങൾ, ചിത്രകാർഡ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. | 2023-24 | 1500 |
| ഓരോ കുട്ടിക്കും സന്ദർഭോചിതമായി സ്വാഭാവിക രീതിയിൽ ഭാഷ കൈകാര്യം ചെയ്യുന്നതിനും അവ പറഞ്ഞു ഫലിപ്പിക്കുന്നതിനും ഒപ്പം ലഘു ലിഖിതത്തിൽ ഏർപ്പെടുന്നതിനും. | • കുട്ടികൾക്ക് ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കുന്നു.<br>• കഥകൾ വായിക്കുന്നതിനും വായിച്ച കഥയെ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നതിനും അവസരം ഒരുക്കുന്നു. | 2023-24 | 500 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

**മേഖല: English**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| To speak, read and write English without any mistakes. | • Pre-test<br>• To develop listening skills and reading | June - July | |
| | • Develop the creative speaking and writing. eg:- Book reading, Find words, Collect and read past tense, Rhyming words, T.B Activities | August - September | 1000 |
| | • To express thoughts, feelings etc... | October - November | |
| | • Develop the creative speaking and writing<br>• To improve the presentation power | December - January | |
| Effective Pronounciation | • Audio-Video clippings on correct pronounciation.<br>• Language Lab<br>• ICT facilities<br>• Video clippings | 2023-24 | 500 |

| | | | |
|---|---|---|---|
| Communication skill | • Conducting English fest.<br>• Language lab<br>• English assembly<br>• Formation of english club. | 2023-24 | 1500 |
| Good Children | • Introducing English library.<br>• English book exhibition | | |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

**മേഖല: ഗണിതം**

| ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം. |
|---|---|---|---|
| 1 മുതൽ നാലക്കങ്ങൾ വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള ശേഷി വളർത്തുന്നതിന് | • രക്ഷകർത്താക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കുമുള്ള ഗണിതകിറ്റ് ഉറപ്പാക്കുന്നു. (വീട്ടിലും, സ്കൂളിലും)<br>• പഠനസാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി | ജൂൺ– ജൂലൈ | 1500 |
| | സ്ഥാനസാധ്യതകൾ കൂടി ഉൾപ്പെടുത്തി ഗണിതകിറ്റിലേക്ക് കൂടുതൽ സാമഗ്രികൾ ചേർക്കുന്നു.<br>• ട്രൈഔട്ട് ശില്പശാല നടത്തൽ. | സെപ്തം- ബർ | 1000 |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കുക | • ഗണിത ക്ലബ്ബ്<br>• ഗണിത കളികൾ<br>• ഗണിത മാഗസിൻ<br>• ഗണിത ശാസ്ത്രമേള | 2023- 24 | 1000 |

| | | | |
|---|---|---|---|
| • ചതുഷ്ക്രിയകൾ ഫലപ്രദമായി രീതിയിൽ കൈകാര്യം ചെയ്യുന്നതിന്. | • വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിച്ച് ആ ക്രിയ കുട്ടികൾ സംഖ്യാനമ്പറുകൾ തെരഞ്ഞെടുത്ത് കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം പറയുന്നു. | ജൂലൈ- ഫെബ്രുവരി | 250 |
| • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്. | • ജീവിതത്തിന്റെ ഏതു മേഖലയിലായാലും പ്രയോഗിച്ച് കടകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ കൊടുക്കൽ-വാങ്ങൽ കൃത്യത പാലിക്കുന്നു. • സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി കൈവരിക്കുന്നു. | 2023-24 | |
| • ഗണിതത്തിൽ പിന്നോക്കാവസ്ഥ നേരിടുന്നവർക്കായുള്ള പ്രത്യേക വർക്ക് ഷീറ്റ് | • സംഖ്യാബോധത്തെപ്പറ്റി അടിസ്ഥാനശേഷി കൈവരിക്കാൻ ബുദ്ധിമുട്ടുന്നവർക്കായി പ്രത്യേക വർക്ക്ഷീറ്റുകൾ തയാറാക്കുന്നു. • അവ പഠനസമയത്ത് ചെയ്യുന്നതിനുള്ള അവസരം ഒരുക്കുന്നു. | 2023-24 | 500 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

**മേഖല: പരിസര-പഠനം**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | • കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ പൂന്തോട്ടത്തിന്റെ ഫോട്ടോ ക്ലാസ് ഗ്രൂപ്പുകളിൽ പ്രദർശിപ്പിക്കുന്നു.<br>• മരങ്ങൾ വച്ചുപിടിപ്പിക്കൽ, സഹജീവികളോടുള്ള മനോഭാവം എന്നിവ ശരിയായ രീതിയിൽ വളർത്തിയെടുക്കുന്നു. | ജൂൺ - ആഗസ്റ്റ് | 500 |
| • പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം തടയുക. | • ജലസംരക്ഷണമാർഗ്ഗങ്ങൾ, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണം, പ്ലക്കാർഡ് നിർമ്മാണം, etc.<br>• എല്ലാ ശനിയാഴ്ചകളിലും ഡ്രൈഡേ ആയി ഓരോ കുട്ടിയുടെയും ഭവനങ്ങളിൽ ആചരിക്കുന്നതിലൂടെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നു. | 2023-24 | 500 |
| (പരീക്ഷണ നിരീക്ഷണ) ക്ലാസടിസ്ഥാനത്തിൽ ശാസ്ത്രത്തിന്റെ പ്രവർത്തി ശേഷികളിൽ | • വിഭവശേഖരണം (ലാമ്പ്, പരീക്ഷണവസ്തുക്കൾ etc..)<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | 2023-24 | 1000 |

| | | | |
|---|---|---|---|
| മുഴുവൻ കുട്ടികളെയും നിശ്ചിതനിലവാരത്തിൽ എത്തിക്കുക. | • എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. | | |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നു. | • ICT വിഭവങ്ങൾ തയാറാക്കുന്നു.<br>• ഡിജിറ്റൽ ലൈവ് ക്ലാസുകൾ | 2023-24 | |
| കുട്ടികളിലെ ശാസ്ത്രീയമനോഭാവം ഉണർത്തുക. | • ഫീൽഡ് ട്രിപ്പ് (നെൽപാടം, വന്യജീവി സങ്കേതം, വാനനിരീക്ഷണം)<br>• ശില്പശാല | 2023-24 | 5000-10,000 |
| വ്യക്തിശുചിത്വമുള്ളവരാക്കി കുട്ടികളെ മാറ്റുക. | • നല്ല ശീലങ്ങൾ പഠിപ്പിക്കുന്ന ICT സാധ്യതകൾ ബോധവൽക്കരണം, പോസ്റ്റർ മുതലായവ കേന്ദ്രീകരിക്കുന്നു.<br>• ഗ്രൂപ്പുതലങ്ങളിൽ വ്യക്തി-ശുചിത്വ പരിശോധന കേന്ദ്രീകരിക്കുന്നു. | 2023-24 | 1000 |